(ബി) എങ്കിൽ നിയമത്തിലും ചട്ടങ്ങളിലും ഇതിനകം വരുത്തിയ ഭേദഗതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

137 [2264] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിലേക്ക് സഹകരണ രജിസ്ട്രാർക്ക് ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കുവാനായി ബാക്കിയുള്ള വയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ എത്ര; ക്രെഡിറ്റ് സംഘങ്ങൾ എത്ര; ഇതര സംഘങ്ങൾ എത്ര;

(സി) രജിസ്റ്റർ ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു:

1.	തിരുവനന്തപുരം	..	15
2.	കൊല്ലം	..	32
3.	പത്തനംതിട്ട	..	2
4.	ആലപ്പുഴ	..	2
5.	കോട്ടയം	..	13
6.	ഇടുക്കി	..	3
7.	എറണാകുളം	..	..
8.	തൃശ്ശൂർ	..	55
9.	പാലക്കാട്	..	1
10.	മലപ്പുറം	..	..
11.	കോഴിക്കോട്	..	4
12.	വയനാട്	..	1
13.	കണ്ണൂർ	..	..
14.	കാസറഗോഡ്	..	..
	ആകെ	..	128

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 783 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ക്രെഡിറ്റ് സംഘങ്ങൾ	..	142
ഇതര സംഘങ്ങൾ	..	641

(സി) രജിസ്റ്റർ ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് അഞ്ചു പരാതികൾ ലഭിച്ചിട്ടുണ്ട്.

എൻ.സി.ഡി.സി.-യിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന സഹകരണ ബാങ്കുകൾ

138 [2265] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് എൻ.സി.ഡി.സി.-യിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇതിനോടകം ഏതെല്ലാം ബാങ്കുകൾ ഇത് പ്രയോജനപ്പെടുത്തി എന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സാമ്പത്തിക സഹായത്തിനു "പോസിറ്റീവ് നെറ്റ്വർത്ത്" ഉള്ള സൊസൈറ്റികളെയാണ് പരിഗണിക്കുന്നത്. വികസനത്തിനുള്ള സാദ്ധ്യത, സാങ്കേതികവും സാമ്പത്തികവുമായ പ്രയോഗക്ഷമത എന്നിവയാണ് ഇപ്രകാരം ധനസഹായം നൽകുന്നതിനുള്ള അടിസ്ഥാനപരമായ മാനദണ്ഡങ്ങൾ. എൻ.സി.ഡി.സി. -യുടെ സ്ഥാപനത്തിനുശേഷം 2000 റൂറൽ ഗോഡൗണുകൾ, 522-ഓളം ഫാർമർ സർവ്വീസ് സെന്ററുകൾ, ഏകദേശം 1200 കൺസ്യൂമർ പ്രോജക്ടുകൾ എന്നിവ ഇപ്രകാരം ആരംഭിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പാക്കി വരുന്ന ഐ.സി.ഡി.പി. പദ്ധതിയുടെ ആനുകൂല്യവും ജില്ലാ കോപ്പറേറ്റീവ് ബാങ്കുകൾ വഴി ലഭ്യമാകുന്നുണ്ട്.

പട്ടികജാതി സഹകരണ സംഘങ്ങൾ

139 [2266] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സഹകരണ സംഘങ്ങളെ സഹായിക്കാനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക പട്ടികജാതി സഹകരണ സംഘങ്ങൾക്കായി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇവയുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly